**ശ്രദ്ധ ക്ഷണിക്കൽ**

പെൻഷൻ പരിഷ്കരണം

ശ്രീ. ഇ. കെ. വിജയൻ: സർ, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ശുചീകരണ തൊഴിലാളികളുടെ പെൻഷൻ പരിഷ്കരിക്കുന്നതിനും അവരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഞാൻ ഈ വിഷയം കൊണ്ടുവരുന്നത്. നഗരസഭകളിലെ ശുചീകരണ ജോലികളിൽ ഏർപ്പെട്ടിരുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ചും നിലവിലുള്ള കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ചും പലവട്ടം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണെങ്കിൽപ്പോലും ഇതുവരെ അതിന് പരിഹാരമുണ്ടായിട്ടില്ല. 2014 ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് ഉത്തരവിറങ്ങേണ്ടിയിരുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം മൂന്ന് വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാതെ മുന്നോട്ടുപോകുകയാണ്. സർക്കാർ ഈ മേഖലയോട് നല്ല സമീപനമല്ല കാണിക്കുന്നത്. ശുചീകരണത്തൊഴിലാളികളുടെ

ശമ്പളപരിഷ്കരണത്തോടൊപ്പം പെൻഷനും പരിഷ്കരിക്കുകയാണ് സാധാരണഗതിയിൽ ചെയ്യാറുള്ളത്. ശമ്പള പരിഷ്കരണ ഉത്തരവിൽ പെൻഷൻ ഉടൻ പരിഷ്കരിച്ച് ഉത്തരവ് ഇറങ്ങുന്നതാണെന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട്. എന്നാൽ ഒരു വർഷം കടന്നുപോയിട്ടും പെൻഷൻ പരിഷ്കരണം നടന്നിട്ടില്ല. സ്വന്തം ആരോഗ്യം വിസ്മരിച്ച് സമൂഹത്തിന്റെ ആരോഗ്യം സംരക്ഷിക്കാൻ ഒരു ജീവിതകാലം മുഴുവൻ ജോലി ചെയ്ത് ജീവിതം നഷ്ടപ്പെട്ട്, അവശത അനുഭവിക്കുന്ന നഗരശുചീകരണ തൊഴിലാളികളോട് അധികൃതർ കാണിക്കുന്നത് യഥാർത്ഥത്തിൽ ക്രൂരതയാണ്. മേൽ ആവശ്യങ്ങൾ ഉന്നയിച്ച നിവേദനങ്ങൾക്കൊപ്പം നഗരസഭാ ഓഫീസുകൾക്കുമുന്നിൽ ധർണ്ണയും സെക്രട്ടേറിയറ്റിനുമുന്നിൽ 36 മണിക്കൂർ സമരവും ഇതിനകം നടത്തിയിട്ടുണ്ട്. അനിശ്ചിതകാല സമരത്തിലേയ്ക്ക് തൊഴിലാളികൾ പോകാൻ ആലോചിക്കുകയാണ്. മുനിസിപ്പൽ തൊഴിലാളികളെ സംബന്ധിച്ച് ഒരു വലിയ ചരിത്ര പാരമ്പര്യമുണ്ട്. നേരത്തെ ഇവർ മലം ചുമന്ന തൊഴിലാളികളായിരുന്നു. ഇത്തരം തൊഴിലാളികളെ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്നാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് സഖാവ് കൃഷ്ണപിള്ള നിർദ്ദേശിച്ചതനുസരിച്ച്, പ്രത്യേകിച്ച് കോഴിക്കോട് നഗരത്തിൽ സഖാവ് മഞ്ജുനാഥറാവുവിനെ പോലുള്ള നേതാക്കന്മാർ

ഇതിന്റെ ചുമതല ഏറ്റെടുത്തത്. സഖാവ് മഞ്ജുനാഥറാവു കോഴിക്കോട് നഗരത്തിന്റെ പ്രഥമ മേയറാണ്. അദ്ദേഹം കോഴിക്കോട് നഗരം വിലയ്ക്കുവാങ്ങാൻ കഴിവുള്ള ഒരു കുടുംബത്തിൽ പിറന്ന ആളാണെങ്കിലും തോട്ടി തൊഴിലാളികളെ സംഘടിപ്പിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. ഇന്ന് മാറ്റങ്ങൾ വന്നെങ്കിൽപോലും അവരിൽ പലരും പെൻഷനായി. അവരുടെ പ്രശ്നം പരിഹരിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17.8.2016-ൽ പുതുക്കിയ ശമ്പളനിരക്കുകൾ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറത്തുവന്നത്. ഈ വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അതേ ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യത്തിൽ

ഉത്തരവിനായി ഫയൽ സമർപ്പിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. ഉടൻതന്നെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതോടൊപ്പം, താൽക്കാലികമായ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ഇക്കാലമത്രയും മുന്നൂറും മുന്നൂറ്റിയമ്പതും രൂപയായിരുന്നത് അറുന്നൂറ് രൂപയാക്കി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉയർത്തിയകാര്യവും ഞാൻ ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: ശമ്പള പരിഷ്കരണത്തിലെ അപാകതകൾക്കൂടി പരിഹരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്. അതുകൂടി പരിഹരിക്കാനാകുമോ?

ഡോ. കെ. ടി. ജലീൽ : അക്കാര്യം പരിശോധിക്കാവുന്നതാണ്.

(ശ്രീ. സണ്ണി ജോസഫ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സബ്മിഷൻ)